# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ - കൊല്ലം ജില്ല

(ദക്ഷിണ മേഖലകാർഷിക ഗവേഷണകേന്ദ്രം വെള്ളായണിയും, ഭാരതീയ കാലാവസ്ഥവകുപ്പും സംയുക്തമായി നൽകുന്നത്)

നമ്പർ:KLM-AAS-29/2025, (58) തീയ്യതി: 23.07.2025

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥ ഘടകങ്ങൾ | 24/07/2025 | 25/07/2025 | 26/07/2025 | 27/07/2025 | 28/07/2025 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 15 | 18 | 17 | 20 | 18 |
| ഉയർന്നതാപനില(° C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞതാപനില(° C) | 23 | 23 | 23 | 23 | 23 |
| കൂടിയഅന്തരീക്ഷആർദ്രത (%) | 85 | 85 | 95 | 95 | 95 |
| കുറഞ്ഞഅന്തരീക്ഷആർദ്രത(%) | 80 | 80 | 85 | 85 | 85 |
| കാറ്റിന്റെവേഗത (കിലോമീറ്റർ /മണിക്കൂർ) | 5 | 4 | 4 | 3 | 2 |
| കാറ്റിന്റെദിശ (ഡിഗ്രി) | 320 | 290 | 290 | 290 | 290 |
| മേഘവ്യപ്തി(ഒക്ട) | 8 | 8 | 8 | 8 | 7 |
| കാലാവസ്ഥസംഗ്രഹം/അലേർട്ട് | ജില്ലയിൽ ഒറ്റപ്പെട്ടസ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ സാധരണയിൽ കൂടുതൽ തോതിലുമുള്ള മഴയ്ക്ക് സാധ്യത. | | | | |
| പൊതു നിർദ്ദേശങ്ങൾ | ശരിയായ നീർവാർച്ച സൗകര്യം ഉറപ്പാക്കുക വാഴകൾക്ക് താങ്ങുകാലുകൾ നൽകുക പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക മണ്ണിലെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതികൾ സ്വീകരിക്കുക. | | | | |

**കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| **ഇഞ്ചി** | മൂടുചീയൽ | ഇഞ്ചിയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ 1.5 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കുക. |
| **ഇഞ്ചി, മഞ്ഞൾ** | തണ്ടു തുരപ്പൻ | ഇഞ്ചിയിലും മഞ്ഞളിലും തണ്ടുതുരപ്പൻറെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക ആക്രമണം കൂടുകയാണെങ്കിൽ ഡൈമേതോയെറ്റ് 2 മി.ലി 1 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| **പച്ചക്കറികൾ (വെള്ളരി വർഗ്ഗങ്ങൾ)** | മൃദുരോമപൂപ്പ് | വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾരോഗം കാണാനിടയുണ്ട് പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കിതളിക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗംനടത്തുക. |

| | |
|---|---|
| മൃഗസംരക്ഷണം | കുളമ്പു ചീയൽ കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കെതിരെ ജാഗ്രതപുലർത്തണം. |